# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 343** **25.06.2013- ൽ മറുപടിക്ക്**

**കൈത്തറി പുനരുദ്ധാരണത്തിനു വേണ്ടി പഠന കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.വി.ശശി**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി.ഇ.എസ്.ബിജിമോൾ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി പുനരുദ്ധാരണത്തിനു വേണ്ടി അവസാനമായി ഒരു പഠന കമ്മിറ്റിയെ നിയോഗിച്ചതെന്നാണ്; ഈ പഠന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതെന്നാണ്; ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം; | (എ) | കൈത്തറി പുനരുദ്ധാരണത്തിനു വേണ്ടി അവസാനമായി ഒരു പഠന കമ്മിറ്റിയെ നിയോഗിച്ചത് 2008 ലാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് 2010 ൽ സർക്കാരിന് ലഭിച്ചു. ശ്രീ.അരക്കൻ ബാലൻ ചെയർമാനായ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു.<br><br>ഹാന്റക്സിനേയും ഹാൻവീവിനേയും ശക്തിപ്പെടുത്തുക - അവയുടെ കടബാധ്യതകൾ അവസാനിപ്പിക്കുന്നതിന് സർക്കാർ അടിയന്തരവും ഉചിതവുമായ നടപടിയെടുക്കുക.<br><br>പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ നിലവിലുള്ള സാമ്പത്തിക ക്ലേശവും കടബാധ്യതകളും അവസാനിപ്പിക്കുന്നതിന് സാമ്പത്തികവും ഭരണപരവുമായ അത്യാവശ്യ നടപടികൾ കൈക്കൊള്ളുക. അർഹമായ കൈത്തറി സംഘങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.<br><br>മുൻകാലങ്ങളിൽ സംഭവിച്ചതുപോലെ കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് സർക്കാർ നൽകേണ്ടിയിരുന്ന ഭീമമായ തുകകൾ കുടിശ്ശികയിടുന്ന രീതി പൂർണ്ണമായി ഒഴിവാക്കുക.<br><br>കൈത്തറി നെയ്ത്തുമേഖലയിൽ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളുടെ പോരായ്മ പരിഹരിക്കുകയും കൈത്തറി തൊഴിലാളികൾക്ക് അയൽസംസ്ഥാനങ്ങളിൽ ലഭ്യമാകുന്ന തരം അധിക ക്ഷേമ പദ്ധതികൾ കേരളത്തിലും നടപ്പിലാക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | കൈത്തറി മേഖലയിൽ ആവശ്യമുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുകയും, വിലയിലുള്ള ചാഞ്ചാട്ടം പിടിച്ചുനിർത്തുന്നതിന് നടപടിയെടുക്കുകയും ചെയ്യുക.<br><br>ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനും കലാമേന്മ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ കൊടുക്കുക – പരിശീലനം മെച്ചപ്പെടുത്തുക.കൈത്തറി പ്രചരണ പരിപാടികൾ ശക്തമാക്കുകയും വിപണനം മെച്ചപ്പെടുത്തുകയും ചെയ്യുക.<br><br>വ്യാജ ഉല്പന്നങ്ങളിൽ നിന്നും, ഇതര സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിച്ച് കടത്തിക്കൊണ്ടു വരുന്ന കൈത്തറി ഉല്പന്നങ്ങളിൽ നിന്നും ഉള്ള ഭീഷണിക്കെതിരെ നടപടി കൈക്കൊള്ളുക.<br><br>കൈത്തറി മേഖലയിൽ നിലനിൽക്കുന്ന സംഘടനാ സംവിധാനം തകർക്കാനുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാടെടുക്കുക.<br><br>പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അമിത ബാഹുല്യം അവസാനിപ്പിക്കുന്നതിന് ഉചിതമായ രീതിയിൽ സംഘങ്ങളെ സംയോജിപ്പിക്കുകയും വ്യാജ സംഘങ്ങളെ ഒഴിവാക്കുകയും ചെയ്യുക.<br><br>കൈത്തറി - ടെക്സ്റ്റൽസ് വകുപ്പിനെ സ്വതന്ത്രമായ ഭരണ സംവിധാനത്തിൻ കീഴിലാക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക, ഉദ്യോഗസ്ഥ തലത്തിലുള്ള കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് നടപടിയെടുക്കുക. സംഘങ്ങളുടെ ഭരണകാര്യങ്ങളിൽ നിരീക്ഷണം കാര്യക്ഷമമാക്കുകയും ഭരണസമിതിയുടെയും ജീവനക്കാരുടെയും പ്രാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുക.<br><br>പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും വിശദമായ പരിശോധനയും പരിശീലനവും നടത്തുക.<br><br>സംഘങ്ങൾക്കെതിരെ നടക്കുന്ന നിയമ നടപടികൾ, അന്വേഷണങ്ങൾ എന്നിവയുടെ പോരായ്മകൾ അവസാനിപ്പിക്കുക – അഴിമതിയ്ക്കും ക്രമക്കേടുകൾക്കും എതിരെ നടപടികൾ ശക്തമാക്കുക. |

| | | | |
|---|---|---|---|
| (ബി) | ഈ ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | പഠനകമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ പലതും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. കൈത്തറി മേഖലയുടെ കടബാധ്യത എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. റിബേറ്റ് കുടിശ്ശികയില്ലാതെ നൽകണമെന്ന ശുപാർശയും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. കൈത്തറി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി.കുടിൽ മാതൃകാ സംഘങ്ങളിലെ നെയ്ത്തുകാർക്ക് അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുന്ന പദ്ധതിയും മികച്ച നെയ്ത്തുകാർക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു. ഹാന്റക്സിനേയും ഹാൻവീവിനേയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംഘങ്ങൾക്ക് ഹാങ്ക് യാൺ/നൂൽ സബ്സിഡി നൽകി വരുന്നു. കൂടാതെ കേന്ദ്രഗവണ്മെന്റ് 10% പ്രൈസ് സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി കൈത്തറി ക്ലസ്റ്ററുകളിൽ ഡിസൈനറെ നിയമിച്ചു. കൂടാതെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, കണ്ണൂരിന്റെ സഹായത്തോടെ വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. വിപണനത്തെ സഹായിക്കുന്നതിനായി, റിബേറ്റിനുപുറമേ ഉത്സവ സീസണുകളിൽ എക്സിബിഷൻ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ബൈയർ സെല്ലർ മീറ്റും സംഘടിപ്പിക്കുന്നുണ്ട്. അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ